പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2698 **28-10-2026-ൽ മറുപടിയ്ക്ക്**

ജലാശയങ്ങളിലെ പോള നീക്കംചെയ്യാൻ കർമ്മപദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജലാശയങ്ങളിൽ പോള നിറയുന്നത് മൂലം നീരൊഴുക്ക് നഷ്ടപ്പെടുകയും ജലം മലിനമാകുന്നതിനും മത്സ്യസമ്പത്തും നെൽകൃഷിയും നഷ്ടത്തിലാകുന്നതും തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

മറുപടി: പോളകളും കുളവാഴകളും ജലാശയങ്ങളിലെ നിലവിലുള്ള സ്വാഭാവിക ആവാസവ്യവസ്ഥയുടെ ഭാഗമാണ്. ഇവ ജലജീവികളുടെ വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്നുണ്ടെങ്കിലും, വിത്തുകൾ വെള്ളത്തിൽ ദീർഘകാലം നിലനിൽക്കുന്നതിനാലും സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ വീണ്ടും തഴച്ചുവളരുന്നതിനാലും ഇവയെ പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നത് പ്രായോഗികമായി അസാധ്യമാണ്. ആയതിനാൽ ഇവയുടെ അമിതവളർച്ച നിയന്ത്രിക്കുക മാത്രമാണ് പ്രായോഗിക പരിഹാരം. കായലുകളിലും മറ്റു ജലസ്രോതസ്സുകളിലും കാർഷികാവശ്യത്തിനായി വിനിയോഗിക്കുന്ന രാസവളങ്ങളുടെ അവശിഷ്ടങ്ങളും ജൈവ മാലിന്യങ്ങളും അടിയുന്നതിനനുസരിച്ചാണ് പോളകളും പായലുകളും വ്യാപകമായി വളരുന്നത്. ജലസ്രോതസ്സുകളിലേക്ക് എത്തുന്ന മാലിന്യത്തിന്റെ തോതും രാസവള അവശിഷ്ടങ്ങളും നിയന്ത്രിക്കുന്നത് വഴി പോളയുടെ അമിത വ്യാപനം ഒരുപരിധി വരെ ഫലപ്രദമായി തടയാൻ സാധിക്കും. ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ പക്കൽ കായലിലും പുഴകളിലും അടിഞ്ഞുകൂടുന്ന ചെളിയും എക്കലും നീക്കാൻ ഡ്രഡ്ജറുകൾ, സിൽറ്റ് പുഷറുകൾ എന്നിവയും പോളയും പായലും നീക്കം ചെയ്യുന്നതിനായി പ്രത്യേക വീഡ് ഹാർവെസ്റ്ററുകൾ എന്നിവയും ലഭ്യമാണ്. ലഭ്യമാകുന്ന ഫണ്ടിന്റെ മുൻഗണനയ്ക്കനുസരിച്ച് ഇത്തരം യന്ത്രങ്ങൾ വിനിയോഗിച്ച് പോളകളും കുളവാഴകളും ആനുകാലികമായി നീക്കം ചെയ്തുവരുന്നുണ്ട്.ആവശ്യത്തിന് നീരൊഴുക്ക് ഉറപ്പാക്കുന്നതിലൂടെ ഇവ നേരിട്ട് കടലിലേക്ക് ഒഴുകിപ്പോകുകയും, ഉപ്പുവെള്ളത്തിന്റെ സാന്നിധ്യത്തിൽ വളർച്ച മന്ദഗതിയിലായി വാടിപ്പോകുകയും ചെയ്യും.

(ബി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പോള നീക്കം ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമക്കാമോ;

മറുപടി: ഒഴുക്ക് കുറവുള്ള മാസങ്ങളിൽ കുളവാഴകൾ ആഴത്തിലുള്ള വേരുകൾ രൂപപ്പെടുത്തുന്നതിനാൽ ഇവ നീക്കം ചെയ്യുക എന്നത് ഏറെ പ്രയാസകരമാണ്. കുളവാഴകളിൽ 95% വരെ ജലാംശം അടങ്ങിയിരിക്കുന്നതിനാൽ ഇവയുടെ ബയോമാസ് വളരെ കൂടുതലായിരിക്കും. അതിനാൽ ഇവ നേരിട്ട് കൈകൊണ്ട് ശേഖരിച്ച് മറ്റിടങ്ങളിലേക്ക് കൊണ്ടുപോകുന്നത് ഉയർന്ന

ഗതാഗതച്ചെലവ് വരുത്തിവെക്കുന്നതാണ്. കുളവാഴകൾ ജലത്തിലെ രാസവളങ്ങളുടെ അവശിഷ്ടങ്ങളും മലിനീകരണങ്ങളും വലിച്ചെടുത്ത് വളരുന്ന സസ്യമായതിനാൽ, ഇവ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്ക് ചർമ്മരോഗങ്ങൾക്കോ മറ്റ് അലർജികൾക്കോ ഉള്ള സാധ്യതയുണ്ട്. കൂടാതെ, ആഴമുള്ള ജലാശയങ്ങളിലും ചെളിയിലും പായലുകൾക്കിടയിലും പണിയെടുക്കുമ്പോൾ ഇഴജന്തുക്കളുടെ ആക്രമണങ്ങൾക്കും വെള്ളത്തിൽ മുങ്ങിപ്പോകാനുമുള്ള അപകടസാധ്യതകളും നിലനിൽക്കുന്നുണ്ട്.

എന്നാൽ ജലാശയങ്ങളിൽ നിന്ന് നീക്കം ചെയ്യുന്ന പോളയും കുളവാഴയും ഉണക്കി സംസ്കരണ യൂണിറ്റുകളിൽ എത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തവും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതുവഴി ഇവയെ വൻതോതിൽ ജൈവവളമായും കാലിത്തീറ്റയായും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായും മാറ്റി ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കും.

(സി) ചെറിയ തോടുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള പോളകൾ നീക്കം ചെയ്യുന്നതോടൊപ്പം എക്കൽ നീക്കുന്നതിനും നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> തോടുകളുടെ സംരക്ഷണത്തിനും നീർച്ചാലുകളുടെ പുനരുജ്ജീവനത്തിനുമായി ഹരിതകേരളം കർമ്മപദ്ധതിയിലും ഇറിഗേഷന്റെ വിവിധ ഹെഡുകളിലും ഉൾപ്പെടുത്തി ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നു. വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനത്തോടെ ജലചാലുകളുടെ സംരക്ഷണം, പുനരുദ്ധാരണം, ജലവാഹകശേഷി നിലനിർത്തൽ എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ